www.sahakari.net

EM

026872

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതി പരിഷ്കരണം - പ്രതിമാസ പെൻഷൻ തുകയിൽ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.382/2013/സഹ. തീയതി, തിരുവനന്തപുരം, 14.06.2013.

പരാമർശം: 1. ജി.ഒ(പി) 44/95/സഹ തീയതി 14.3.95.

2. സഹകരണ സംഘം രജിസ്ട്രാറുടെ 12.11.12, 1.6.13 എന്നീ തീയതികളിലെ ഇ.എം.(5) 29669/12, ഇ.എം.(5) 18479/13 നമ്പർ കത്തുകൾ.

3. സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് സെക്രട്ടറിയുടെ 12.6.12, 1.3.13, 3.4.13 എന്നീ തീയതികളിലെ പി.ബി./പി.ആർ.ഒ/440/12 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സഹകരണ ജീവനക്കാർക്ക് പെൻഷൻ ലഭ്യമാക്കുന്നതിനായി സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം നിലവിൽ വന്നു. ജീവനക്കാരുടെ ശമ്പളത്തിന്റെ നിശ്ചിത നിരക്കിൽ എംപ്ലോയർ അടവാക്കി വന്ന വിഹിതവും ആയതിന് ലഭിച്ച് വരുന്ന പലിശയും പെൻഷൻ ബോർഡിലേക്ക് വകമാറ്റി ജീവനക്കാരൻ വിരമിക്കുന്ന തീയതി വരെയുള്ള വിഹിതം സ്വരൂപിച്ചാണ് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. ടി പദ്ധതിയിൽ സമഗ്രമായ മാറ്റം വേണമെന്ന പെൻഷൻകാരുടെയും ജീവനക്കാരുടെയും ആവശ്യം പരിഗണിച്ച് പ്രാഥമിക സഹകരണ സംഘങ്ങളിലെ പെൻഷൻകാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിമാസ പരമാവധി പെൻഷൻ തുകയുടെ 15%, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ പെൻഷൻകാർക്ക് 17% വർദ്ധനവ് എന്ന ക്രമത്തിൽ വരുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് പെൻഷൻ പരിഷ്കരണ ശുപാർശകൾ പരാമർശം രണ്ട്, മൂന്ന് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ, പെൻഷൻ ബോർഡ് സെക്രട്ടറി എന്നിവർ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ പെൻഷൻ പദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളിലെ പെൻഷൻകാർക്ക് നിലവിലെ പരമാവധി പ്രതിമാസ പെൻഷൻ തുകയായ 10000 രൂപയിൽ 15% വർദ്ധനവ് വരുത്തി 11500 രൂപയായും (പതിനൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ പെൻഷൻകാർക്ക് നിലവിലെ പരമാവധി പ്രതിമാസ പെൻഷൻ തുകയായ 15000 രൂപയിൽ 17% വർദ്ധനവ് വരുത്തി 17500 രൂപയായി (പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിജപ്പെടുത്തിയും, പരമാവധി പെൻഷൻ ലഭിക്കാത്ത പെൻഷൻകാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിമാസ പെൻഷനിൽ മേൽ നിരക്കിലുള്ള വർദ്ധനവ് വരുത്തിയും 1.6.2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയ്ക്ക് സർക്കാർ ധനസഹായം നല്കുന്നതല്ല.

4) പെൻഷൻ പരിഷ്കരണ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ പരിശോധിച്ച് തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ:വി.എം.ഗോപാലമേനോൻ,**

സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്,
കലാ നിവാസ്, ആയുർവേദ കോളേജിന് സമീപം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.